**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **1946**

01.02.2018 ൽ
മറുപടിയ്ക്ക്

**കുറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കുറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ നടത്തിപ്പിനായുള്ള ഫണ്ട് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെ-യാണ് കണ്ടെത്തുന്നത്; ഏതെങ്കിലും സാമൂഹ്യ സംഘടന ഈ ഫണ്ടിലേക്ക് സംഭാവന നൽകിയിട്ടുണ്ടോ ; | (ബി) | വിക്ടിം കോമ്പൻസേഷൻ സ്കീമിന്റെ 3-ാം വകുപ്പ് പ്രകാരമാണ് പദ്ധതിയ്ക്കായുള്ള ഫണ്ട് കണ്ടെത്തുന്നത്. നിലവിൽ 2055-00-800-74 (NP) എന്ന ശീർഷകത്തിൽ സംസ്ഥാന ബഡ്ജറ്റിൽ നിന്നും സ്കീമിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതി പ്രകാരം 2017-ൽ നഷ്ടപരിഹാരമായി എന്ത് തുക നൽകിയെന്ന് വ്യക്തമാക്കാമോ ; | (സി) | 71 കേസുകളിലായി 1,76,45,000/- രൂപ നഷ്ടപരിഹാരമായി 2017-ൽ നൽകിയിട്ടുണ്ട്. |
| (ഡി) | രാഷ്ട്രീയ കൊലപാതകങ്ങളിൽ മരണമടഞ്ഞ ആരുടെയെങ്കിലും ആശ്രിതർക്ക് ഈ സർക്കാർ നിലവിൽ വന്ന ശേഷം ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (ഡി) | ക്രിമിനൽ നടപടി സംഹിത, 1973-ന്റെ സെക്ഷൻ 357 A പ്രകാരം കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക്/ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി നിലവിൽ വന്നത്. പ്രസ്തുത പദ്ധതി പ്രകാരം കോടതി വിധിയുടെയോ/ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയോ വിധിയുടെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകുന്നത്. |
| (ഇ) | ഈ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം നൽകുന്നതിന് പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിക്കുമോ ? | (ഇ) | ഈ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ